(സി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണപദ്ധതികളിലേക്കുമായി ടെക്നിക്കൽ/നോൺ ടെക്നിക്കൽ തസ്തികകളിൽ 1919 നിയമനങ്ങൾ നടത്തുന്നതിനാണ് പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി.വഴി അല്ല നടത്തുന്നത്. ടെക്നിക്കൽ തസ്തികകളിലേക്കുള്ള നിയമനം കമ്പനി നേരിട്ടോ പരിചയസമ്പന്നരായ ഏജൻസികൾ മുഖേനയോ സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടത്തിവരുന്നു.

ട്രൈബൽ ഏരിയായിലും കോസ്റ്റൽ ഏരിയായിലുമുള്ള എം.ജി.എൽ. സെന്ററുകൾ നിലനിർത്തുന്നതിന് നടപടി

17 (*257) ശ്രീ. കെ. കെ. ഷാജു :
ശ്രീ കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനമൊട്ടാകെ എസ്.എസ്.എ. യുടെ കീഴിൽ നടപ്പിലാക്കി വരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനം വിശദമാക്കുമോ ; ഇപ്രകാരം പ്രവർത്തിച്ചുവരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രൈബൽ ഏരിയായിലും കോസ്റ്റൽ ഏരിയായിലുമുള്ള പാവപ്പെട്ട വിദ്യാർത്ഥികളുടെ ആശ്രയമായ പ്രസ്തുത വിദ്യാലയങ്ങൾ നിലനിർത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) കൊല്ലം ജില്ലയിലെ മലയോര മേഖലയിൽ പ്രവർത്തിച്ചുവരുന്ന മുള്ളുമല, പ്രിയ എസ്റ്റേറ്റ്, വെൻചർ എസ്റ്റേറ്റ് എന്നീ എം.ജി.എൽ.സി. കളിൽ പഠിക്കുന്ന ട്രൈബൽ വിദ്യാർത്ഥികളുടെ ഭാവിയെ കരുതി പ്രസ്തുത സ്കൂളുകൾ നിലനിർത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ-സി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥകൊണ്ടും പാർശ്വവൽക്കരിക്കപ്പെട്ട വനമേഖല, തീരപ്രദേശം എന്നിവിടങ്ങളിലെ സ്കൂൾ പ്രായമെത്തിയ കുട്ടികൾക്ക് ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. 6-നും 14-നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ പല കാരണങ്ങളാൽ പഠനം നിർത്തിപോയവർ, വീടും വിദ്യാലയവും തമ്മിലുള്ള അകലം കാരണം സ്കൂളു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ എത്താൻ കഴിയാത്തവർ, അച്ഛനമ്മമാരെ ജോലികളിൽ സഹായിക്കുന്നതുകൊണ്ട് പഠനം തുടരാൻ കഴിയാത്തവർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗക്കാരാണ് ബദൽ വിദ്യാലയങ്ങളിൽ പഠിക്കുന്നത്. മുഖ്യധാരാവിദ്യാഭ്യാസത്തിലേക്ക് ഈ പഠിതാക്കളെ എത്തിക്കുന്നതിന് പരിശീലനം നേടിയ വിദ്യാഭ്യാസ സന്നദ്ധപ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ഒന്നു മുതൽ നാലു വരെ ഗ്രേഡുകളിലെ കുട്ടികൾ ഒരേ ക്ലാസിലിരുന്ന് ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുവെന്നതാണ് മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രത്യേകത. ഇവിടെയുള്ള പഠനം ഫലപ്രദമായി പൂർത്തിയാക്കുന്ന പഠിതാക്കളെ പൊതു വിദ്യാലയത്തിലെത്തിക്കുന്നു.

ഏകാദ്ധ്യാപകവിദ്യാലയങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സെന്ററുകളുടെ പ്രവർത്തനത്തിന് എസ്.എസ്.എ. യുടെ 2010-11 വാർഷിക പദ്ധതിയിൽ കേന്ദ്രസർക്കാർ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-11 അദ്ധ്യയന വർഷാവസാനംവരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. തത്ഫലമായി ഏകാദ്ധ്യാപകവിദ്യാലയങ്ങൾ എല്ലാം മുടങ്ങാതെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷം വരെ സാവകാശം നൽകുന്നുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികളെ മുഖ്യധാര വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുവരേക്കും ഈ കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുവാനായി 2011-12-ലെ എസ്.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ പുതിയ സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, പ്രത്യേക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വനഭൂമി കയ്യേറ്റങ്ങൾ

18 (*258) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട എത്ര ഏക്കർ സ്ഥലം വനഭൂമിയായി നൽകണമെന്നാണ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കേന്ദ്രസംഘം സംസ്ഥാന സർക്കാരിനെ അറിയിച്ചത് ;

(ബി) ഇവിടെ ഇതുവരെ ആകെ എത്ര കയ്യേറ്റങ്ങൾ നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly